കേൾക്കേണ്ട ശബ്ദം:

'ബേഠി ബചാവോ' ഇപ്പോൾ
'ബേഠാ ബചാവോ'ആയി
- രാഹുൽഗാന്ധി

സത്യം സമ്പുഷ്ടം സമന്വിതം

# മക്തബ്

1193 കന്നി 25 | 1439 മുഹറം 20


## രാഷ്ട്രീയം സർഗാത്മകമാകുമ്പോൾ...

ബി.ജെ.പിയുടെ ജനരക്ഷായാത്രയിൽ സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജനെ അധിക്ഷേപിച്ചും ഭീഷണിമുഴക്കിയും ഉയർത്തിയ മുദ്രാവാക്യം രാഷ്ട്രീയ സദാചാരത്തിന് നിരക്കുന്നതല്ല. ചുവപ്പ്-ജിഹാദി ഭീകരതകളിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ ആരംഭിച്ച ഒരു യാത്രയിലാണ് കൊലവിളി മുദ്രാവാക്യം ഉയർന്നതെന്നത് അപഹാസ്യമാണ്. അച്ചടിച്ച് നൽകിയ മുദ്രാവാക്യത്തിന് പുറത്ത് ചിലർ വിളിച്ചതാണ് പ്രസ്തുത മുദ്രാവാക്യമെന്നും ആയിരങ്ങൾ പങ്കെടുക്കുന്ന ഒരു യാത്രയിൽ ഇങ്ങനെയൊക്കെ സംഭവിക്കാമെന്നുമാണ് ബി.ജെ.പി നേതൃത്വം പറയുന്നത്. അതിൽ ശരിയുമുണ്ട്. എന്നാൽ ബി.ജെ.പിയുടെ ഉത്തരവാദപ്പെട്ട നേതാക്കൾ തന്നെ ഈ മുദ്രാവാക്യംവിളി ഫെയ്സ്ബുക്കിലൂടെ പ്രചരിപ്പിച്ചതാണ് ക്രൂരത. അതുകൊണ്ടാണ് അത് രാഷ്ട്രീയ സദാചാരത്തിന് നിരക്കാത്തതാണെന്ന് പറയേണ്ടി വരുന്നതും. ജയരാജനെ ഇല്ലാതാക്കുമെന്നുള്ള കൊലവിളി മുദ്രാവാക്യം ഉത്തരവാദപ്പെട്ട നേതാവ് തന്നെ ആഘോഷിക്കുമ്പോൾ കേരളത്തിൽ ഒരു കലാപത്തിന് കൂടിയുള്ള വിത്തിടുകയാണ് ചെയ്തത്. ജനരക്ഷായാത്രയുടെ അവകാശവാദത്തെ തന്നെയാണ് ഈ മുദാവാക്യ ആഘോഷം റദാക്കുന്നത്.

കൊലവിളി പോസ്റ്റിട്ടതിന് ബി.ജെ.പി മുൻ സംസ്ഥാന അധ്യക്ഷൻ വി.മുരളീധരന് എതിരേ പോലീസ് കേസെടുത്തിട്ടുണ്ട്. എന്നാൽ താൽക്കാലിക രാഷ്ട്രീയ സ്റ്റണ്ട് എന്നതിനപ്പുറം ഇത്തരം കേസുകൾക്ക് ആയുസ് ഉണ്ടാവാറില്ല എന്നതാണ് കേരളത്തിലെ അനുഭവം. വളരെ മോശമായതും വ്യാജമായതും ഒക്കെയായ ഫെയ്സ്ബുക്ക് പോസ്റ്റുകൾ നേരത്തെയും ഉത്തരവാദപ്പെട്ട നേതാക്കളുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്. അത്തരം കേസുകൾക്ക് എന്ത് സംഭവിച്ചുവെന്ന് അന്വേഷിച്ചാൽ രാഷ്ട്രീയ സ്റ്റണ്ടിന്റെ അർത്ഥം മനസിലാകും. അതെന്തെങ്കിലുമാകട്ടെ. ചർച്ച ചെയ്യേണ്ടത് ഇത്തരം സാംസ്കാരിക ശൂന്യമായ മുദ്രാവാക്യങ്ങളുടെ രാഷ്ട്രീയത്തെ കുറിച്ചാണ്. അത് ചർച്ച ചെയ്യാതെ അങ്ങോട്ടും ഇങ്ങോട്ടും തെറിവിളി നടത്തുകയും അണികളുടെ വികാരം ആളിക്കത്തിക്കുകയും ചെയ്യുന്ന നടപടിയാണ് ഉണ്ടാകുന്നത്.

1970കളുടെ അവസാനത്തിൽ ജനകീയ സാംസ്കാരികവേദി പുതിയ നൈതികതയുടെ രാഷ്ട്രീയം മുന്നോട്ടുവച്ചപ്പോൾ, ആ സംഘടനയുടെ സഹയാത്രികനായിരുന്ന മാർക്സിസ്റ്റ് ചിന്തകൻ ബി.രാജീവൻ 'സ്വാതന്ത്ര്യത്തിന്റെ സമഗ്രത' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഒരു അധ്യായത്തിന്റെ പേര് 'രാഷ്ട്രീയം സർഗാത്മകമാകുമ്പോൾ മുദ്രാവാക്യം കവിതയായി മാറും' എന്നായിരുന്നു. (സർഗാത്മകമല്ലാത്ത രാഷ്ട്രീയത്തിൽ കവിത മുദ്രാവാക്യവുമായി മാറും എന്നതും കേരളത്തിലെ അനുഭവമാണ്). അടിസ്ഥാന പ്രശ്നം അതാണ്. സർഗാത്മകത പോയിട്ട് രാഷ്ട്രീയം പോലുമില്ലാത്ത പാർട്ടികൾക്ക് തെറിവിളികളും കൊലവിളികളും മാത്രമേ ആശ്രയിക്കാനുള്ളൂ എന്നതാണ് വസ്തുത. കേരളത്തിലെ ഏതെങ്കിലും പ്രമുഖ രാഷ്ട്രീയ പാർട്ടിക്ക് ഇക്കാര്യത്തിൽ തങ്ങൾ ശുദ്ധരാണെന്ന് പറയാനും കഴിയില്ല. മച്ചിപ്പെണ്ണേ ഗൗരിയമ്മേ എന്നു തുടങ്ങി ഇന്ദിര പെണ്ണിന്റെ സാരിക്കുള്ളിൽ ഒളിച്ച വലതൻമാർ എന്നുവരെ അറപ്പും വെറുപ്പും തോന്നിക്കുന്ന എത്രയെത്ര മുദ്രാവാക്യങ്ങൾ ഈ മണ്ണിൽ ആവേശത്തോടെ എത്രയെത്ര പേർ വിളിച്ചു നടന്നിട്ടുണ്ട്. ഞങ്ങളിലൊന്നിനെ തൊട്ടുകളിച്ചാൽ നട്ടെല്ല് ഊരി കോലുകളിക്കും എന്ന മുദ്രാവാക്യം അരനൂറ്റാണ്ടിലേറെയായി മുഴങ്ങി കേൾക്കുന്നതാണ്.

പ്രസംഗവേദികളിൽ ഉന്നത രാഷ്ട്രീയ നേതാക്കൾ വരെ പ്രസംഗിക്കാറുള്ളത് എന്താണ്. തെറിയും കൊലവിളിയും അശ്ലീലതയും അല്ലാതെ മറ്റ് എന്താണ്. ഇന്ദിരാഗാന്ധി ജീവിച്ചിരുന്ന കാലത്ത് അവർക്ക് എതിരേ കേരളത്തിലെ തെരുവുകളിൽ എന്തുമാത്രം അശ്ലീല പ്രസംഗങ്ങൾ നടന്നിട്ടുണ്ട്. ഇ.എം.എസിന്റെ വിക്കിനെ പോലും അധിക്ഷേപിച്ചുകൊണ്ട് പ്രസംഗിച്ചിട്ടില്ലേ. നിയമസഭക്ക് അകത്തു പോലും ഉടുമുണ്ട് പൊക്കി കാണിച്ചിട്ടില്ലേ. കുട്ടികൾ ഇല്ലാതെ പോയ ഒരു രാഷ്ട്രീയ നേതാവിനെ അതിന്റെ പേരിൽ നിയമസഭക്ക് അകത്തു പോലും അധിക്ഷേപിച്ച പാരമ്പര്യമുണ്ട് കേരളത്തിൽ. സമീപകാലത്തായി അപഹാസ്യമായ ഒട്ടേറെ പദപ്രയോഗങ്ങൾ രാഷ്ട്രീയ നേതാക്കളുടെ നാവിൽ നിന്ന് ഉതിർന്നുവീണു. അത്തരം ഭാഷാ പ്രയോഗങ്ങളെ മഹത്വവൽക്കരിക്കാനുള്ള ഗവേഷണമായിരുന്നു കുറെക്കാലം ഇവിടെ നടന്നത്. അതുകൊണ്ട് രാഷ്ട്രീയക്കാരൻ രാഷ്ട്രീയം സംസാരിക്കുന്ന അവസ്ഥയാണ് ഉണ്ടാകേണ്ടത്.

ഇ.എം.എസിന് അതുണ്ടായിരുന്നു. അച്യുതമേനോനും എ.കെ.ആന്റണിക്കും പി.പരമേശ്വരനും ഒക്കെ അതുണ്ടായിരുന്നു. സംവാദത്തിന്റെ അന്തരീക്ഷമായിരുന്നു ഈ നേതാക്കളൊക്കെ ഒരുക്കിയത്. ഇ.എം.എസും കെ.വേണുവും എം.എ.ജോണും പി.പരമേശ്വരനും മറ്റും സംവാദങ്ങളിലൂടെ കേരള രാഷ്ട്രീയത്തിന്റെ ബൗധിക മണ്ഡലത്തെ സമ്പന്നമാക്കിയിരുന്നു. അന്നും ചില തെറിപ്രയോഗങ്ങൾ മറ്റ് ചില നേതാക്കളുടെ ഭാഗത്ത് നിന്ന് ഉണ്ടായിരുന്നെങ്കിലും കൊലവിളികൾ കുറവായിരുന്നു. ഇത്രയേറെ മലീമസമായ ഭാഷണങ്ങളും കുറവായിരുന്നു. ഇന്ന് സംവാദങ്ങൾ ഇല്ലാതായിരിക്കുന്നു. സ്വന്തം പ്രത്യയശാസ്ത്രം പോയിട്ട് രാഷ്ട്രീയം പോലും അണികളെ പഠിപ്പിക്കുന്നില്ല. അങ്ങനെ കെട്ടുപോയിക്കൊണ്ടിരിക്കുന്ന ഇന്നത്തെ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാണ് തെറിവിളികളും കൊലവിളികളും.



*ശ്രീകണ്ഠപുരത്ത് കേരള കോൺഗ്രസ് എം. ജന്മദിനത്തോടനുബന്ധിച്ച് ജില്ലാ സെക്രട്ടറി സജി കുറ്റിയാനിമറ്റം പതാക ഉയർത്തുന്നു.*

## കേരള കോൺഗ്രസ് ജന്മദിനം

ശ്രീകണ്ഠപുരം: കേരള കോൺഗ്രസ് (എം) ജന്മദിനം മലയോരത്ത് വിവിധ പരിപാടികളോടെ ആചരിച്ചു. ശ്രീകണ്ഠപുരം, ചെമ്പന്തൊട്ടി, കരയത്തുംചാൽ, ചുണ്ടപ്പറമ്പ്, പയ്യാവൂർ തുടങ്ങിയ കേന്ദ്രങ്ങളിലടക്കം പതാക ഉയർത്തി. ശ്രീകണ്ഠപുരത്ത് നടന്ന പരിപാടിയിൽ ജില്ലാ സെക്രട്ടറി സജി കുറ്റിയാനിമറ്റം പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് ബിജു കൈച്ചിറമറ്റം അധ്യക്ഷത വഹിച്ചു. വർഗീസ് വയലാമണ്ണിൽ, സണ്ണി മുക്കുഴി, അലക്സാണ്ടർ ഇല്ലി കുന്നുംപുറം, ജയിംസ് പെരികിലാമലയിൽ, ജോസഫ് ഇലവുങ്കൽ, ബിനു ഇലവുങ്കൽ, സി.കെ. അലക്സ്, ബേബി ഓടക്കുഴി എന്നിവർ സംസാരിച്ചു.



*ചെങ്ങളായി മുസ്ലിംയൂത്ത് ലീഗ് പ്രവർത്തക ക്യാമ്പ് ജില്ലാ വൈസ് പ്രസിഡണ്ട് എൻ.പി. റഷീദ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.*

## ഒരുക്കം ക്യാമ്പ് നടത്തി

ശ്രീകണ്ഠപുരം: മുസ്ലിംയൂത്ത് ലീഗ് ചെങ്ങളായി ടൗൺ കമ്മിറ്റി ഒരുക്കം പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചു. യൂത്ത്ലീഗ് ജില്ലാ വൈസ് പ്രസിഡണ്ട് എൻ.പി. റഷീദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. എം.പി. ഷഫീർ അധ്യക്ഷത വഹിച്ചു. അഹമ്മദ് പി. സിറാജ് ക്ലാസെടുത്തു. കെ.പി. മൊയ്തീൻകുഞ്ഞിഹാജി, കെ.എം.പി. ആദംകുട്ടി, സി. അബ്ദുൾകാദർ, കാദർ കൗപ്രം, സി. ആഷിക്, എം.പി.എ. റഹിം, കെ.എം.പി. മുഹമ്മദ്കുഞ്ഞി മാസ്റ്റർ, പി. ഹൈദ്രോസ് ഹാജി, മായിൻഹാജി, കെ.എം.പി. വഹാബ് സംസാരിച്ചു. എം. മുബഷീർ സ്വാഗതവും റഫീഖ് കൗപ്രം നന്ദിയും പറഞ്ഞു.



*കണ്ണൂർ ജില്ലാ വെയ്റ്റ്ലിഫ്റ്റിംഗ് മൽസരത്തിൽ തുടർച്ചയായി രണ്ടാംതവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ പ്രോസ്റ്റൈയിൽജിം പാപ്പിനിശേരി.*

## മാനവ സൗഹൃദ സംഗമം നാളെ പയ്യന്നൂരിൽ

പയ്യന്നൂർ: എല്ലാവർക്കും ജീവിക്കണം ഇന്ത്യ മരിക്കരുത് എന്ന ശീർഷകത്തിൽ എസ്.വൈ.എസ് സംഘടിപ്പിക്കുന്ന മാനവ സൗഹൃദ സംഗമത്തിന്റെ ജില്ലാ ഉദ്ഘാടനവും പൊതുസമ്മേളനവും നാളെ വൈകുന്നേരം നാല് മണി മുതൽ പയ്യന്നൂർ ടൗൺ സ്ക്വയറിൽ നടക്കും. നാസർ ഫൈസി കൂടത്തായി മുഖ്യപ്രഭാഷണം നടത്തും. കെ.പി.പി.തങ്ങൾ, സയ്യിദ് സഫ്വാൻ, പി.കെ.അബൂബക്കർ ഫൈസി, കബീർ ഫൈസി ചെറുകോട്, എസ്.കെ.ഹംസ ഹാജി, സഅദുള്ള പെരുമ്പ, അഫ്സൽ രാമന്തളി സംബന്ധിക്കും.




*പരിയാരത്ത് സി.പത്മനാഭൻ മാസ്റ്ററുടെ സ്മൃതി മണ്ഡപത്തിൽ കോൺഗ്രസ് പ്രവർത്തകർ പുഷ്പാർച്ചന നടത്തുന്നു*

## പത്മനാഭൻ മാസ്റ്ററുടെ ചരമവാർഷികദിനം ആചരിച്ചു

പരിയാരം: കോൺഗ്രസ് നേതാവ് സി.പത്മനാഭൻ മാസ്റ്ററുടെ 11-ാം ചരമവാർഷികദിനം പരിയാരം മണ്ഡലം 15-ാം വാർഡ് കോൺഗ്രസ് കമ്മിറ്റി നേതൃത്വത്തിൽ ആചരിച്ചു. അനുസ്മരണ യോഗം ഡി.സി.സി ജന. സെക്രട്ടറി അഡ്വ.കെ.ബ്രിജേഷ് കുമാർ ഉദ്ഘാടനം ചെയ്തു. ഇ.ടി.രാജീവൻ അനുസ്മരണ ഭാഷണം നടത്തി. വി.ജാനകി അധ്യക്ഷത വഹിച്ചു. വി.വി.രാജൻ, പി.വി.രാമചന്ദ്രൻ, വി.വി.സി.ബാലൻ, സുരേശൻ പാച്ചേനി, വി.കുഞ്ഞപ്പൻ, കെ. ഇബ്രാഹിംകുട്ടി, പി.വി.ഗോപാലൻ പ്രസംഗിച്ചു. പി.വി.സജീവൻ സ്വാഗതവും പി.വിനോദ് മാസ്റ്റർ നന്ദിയും പറഞ്ഞു. സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും നടത്തി.

## കെ.സി.വൈ.എം കലോത്സവം 18ന് മേരിഗിരിയിൽ

തേർത്തല്ലി: കെ.സി.വൈ.എം-എസ്.എം.വൈ.എം തലശേരി അതിരൂപതാ കലോത്സവം യുവോത്സവ് 2017 18ന് രാവിലെ മുതൽ മേരിഗിരി ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ നടക്കും. കെ.സി.വൈ.എം മേരിഗിരി ഫൊറോനയാണ് കലോത്സവത്തിന് ആതിഥേയത്വം വഹിക്കുന്നത്.



*ലോകവയോജന ദിനാചരണത്തിന്റെ ഭാഗമായി കൊട്ടില ഹൈസ്കൂൾ വിദ്യാരംഗം വിദ്യാർത്ഥികൾ അഴീക്കോട് സാന്ത്വനം വയോജന സദനം സന്ദർശിച്ചപ്പോൾ*

## ചെക്കിക്കടവ് പാലം അപ്രോച്ച് റോഡ് പണി ഇഴയുന്നു

ശ്രീകണ്ഠപുരം: കോടികൾ ചെലവാക്കി നിർമ്മിച്ച ചെക്കിക്കടവ് പാലം പണി പൂർത്തിയായിട്ടും റോഡ് പണി ഇഴയുന്നതിനാൽ ഉദ്ഘാടനവും വൈകുന്നു. നാല് വർഷമായി ചെക്കിക്കടവ് പാലം പണി ആരംഭിച്ചിട്ട്. ചെങ്ങളായി- മയ്യിൽ പഞ്ചായത്തുകളെ എളുപ്പത്തിൽ ബന്ധിപ്പിക്കുന്ന വിധം നിർമ്മിച്ച പാലം ഒട്ടേറെ വിവാദങ്ങളിലും ക്രമക്കേടുകളിലും പെട്ടിരുന്നു. തൂണുകൾ ചെരിഞ്ഞതുൾപ്പെടെ ഏറെ വിവാദമായിരുന്നു. നിലവിൽ പാലം പണി തീർന്നെങ്കിലും വിവാദങ്ങൾ ഒഴിയുന്നില്ല. അപ്രോച്ച് റോഡ് നിർമ്മാണത്തെ ചൊല്ലി തുടക്കത്തിലേ വ്യാപക പരാതികളാണ് ഉയർന്നത്. തുല്യമായി സ്ഥലം ഏറ്റെടുക്കാതെ ചിലരുടെ ഭൂമി സംരക്ഷിക്കാൻ എതിർഭാഗത്തെയാളുടെ ഭൂമി കൂടുതൽ എടുത്തുവെന്ന് കാണിച്ച് വകുപ്പ് മന്ത്രിക്കടക്കം പരാതിയും നൽകി. ഇഴഞ്ഞു നീങ്ങുന്ന അപ്രോച്ച് റോഡ് നിലവിൽ ചെളിക്കുളമായി മാറിയിട്ടുണ്ട്. വളക്കൈ ഭാഗത്ത് നിന്നും ഉൾപ്പെടെ മയ്യിൽ ഭാഗത്തേക്ക് നിരവധി വാഹനങ്ങൾ ഇതുവഴി കടന്നുപോകുവാനും തുടങ്ങി. പാലം ഉദ്ഘാടനത്തിന് മുന്നേ തന്നെ റോഡ് പണി പോലും പാതി വഴിക്കായി നിൽക്കെ ഗതാഗതത്തിന് തുറന്നു കൊടുത്തതും സംശയങ്ങൾക്കിടയാക്കിയിട്ടുണ്ട്. മയ്യിൽ ഭാഗത്തും കൊയ്യം ഭാഗത്തും അപ്രോച്ച് റോഡ് നിർമ്മാണം ഇഴഞ്ഞു നീങ്ങുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ പോലും പ്രദേശത്ത് തിരിഞ്ഞുനോക്കാറില്ലെന്ന് നാട്ടുകാർ പറയുന്നു.

## റെയിൽവെ യാത്രാക്ലേശത്തിന് ഉടൻ പരിഹാരം കാണണം: ചേമ്പർ

കണ്ണൂർ: മംഗലാപുരം വരെ പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തിയായ സ്ഥിതിക്ക് റെയിൽവേ പാലക്കാട് ഡിവിഷൻ മാസങ്ങൾക്ക് മുമ്പ് അനുവദിച്ച രണ്ടു മെമു വണ്ടികളും ഉടൻ ഓടിത്തുടങ്ങാൻ നടപടിയെടുക്കണമെന്ന് നോർത്ത് മലബാർ ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡണ്ട് കെ. ത്രിവിക്രമൻ ആവശ്യപ്പെട്ടു. പാലക്കാട് ഡിവിഷനിൽ രണ്ടു റൂട്ടുകളിലായി രണ്ട് റെയ്ക്കുകൾ പാലക്കാട് ഡിവിഷൻ പാസാക്കിയിരുന്നു. എന്നാൽ തുടർനടപടികൾ അകാരണമായി നീണ്ടുപോവുകയാണ്. എത്രയും പെട്ടെന്ന് ഈ രണ്ട് മെമു വണ്ടികളും പാലക്കാട്-മംഗലാപുരം, ഷൊർണ്ണൂർ-മംഗലാപുരം എന്നീ റൂട്ടുകളിൽ ഓടിക്കാൻ അടിയന്തര നടപടി എടുക്കണം. കണ്ണൂർ സ്റ്റേഷനിൽ യാത്ര അവസാനിപ്പിച്ചതിന് ശേഷം മണിക്കൂറുകളോളം വെറുതെ നിർത്തിയിടുന്ന ചില വണ്ടികളുടെ റൂട്ടുകൾ പുനഃക്രമീകരിച്ചാൽ യാത്രാക്ലേശം ഒരു പരിധി വരെ നിയന്ത്രിക്കാവുന്നതാണ്. അദ്ദേഹം പറഞ്ഞു.




*തളിപ്പറമ്പ ഈസ്റ്റ് റെയിഞ്ച് മുഅല്ലിം ഡേ ഉദ്ഘാടനം പൂവ്വം റഹ്മാനിയ്യ മദ്രസയിൽ സിദിഖ് അൽഖാസിമി നിർവഹിക്കുന്നു.*

## മുഅല്ലിം ഡേ

തളിപ്പറമ്പ: തളിപ്പറമ്പ ഈസ്റ്റ് റെയിഞ്ച് മുഅല്ലിം ഡേ റെയിഞ്ച് തല ഉദ്ഘാടനം പൂവ്വം റഹ്മാനിയ്യ മദ്രസയിൽ കെ.എം. മഹമൂദ് മൗലവിയുടെ അധ്യക്ഷതയിൽ സിദിഖ് അൽഖാസിമി നിർവഹിച്ചു. കെ.സി. അബ്ദുശുക്കൂർ ഫൈസി മുഖ്യ പ്രഭാഷണം നടത്തി.

സി. അബ്ദുൾ ജബ്ബാർ, പി.പി. മുഹമ്മദ് കുഞ്ഞി, മുഹമ്മദ് ശഫീഖ്, ഹസൻ കുഞ്ഞി മൗലവി, ഹൈദർ ഫൈസി, നിസാർ മൗലവി പ്രസംഗിച്ചു.

## ആരോഗ്യ സുരക്ഷാ പദ്ധതി ഉദ്ഘാടനം ചെയ്തു

കരുവഞ്ചാൽ: കരുവഞ്ചാൽ മർച്ചന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ ആരോഗ്യ സുരക്ഷ പദ്ധതി കെ.വി.വി.ഇ.എസ്. യൂണിറ്റ് പ്രസിഡണ്ട് ജയിംസ് പുത്തൻപുര ഉദ്ഘാടനം ചെയ്തു. വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾ, വ്യാപാരികളായ അംഗങ്ങൾക്ക് വായ്പ, അംഗങ്ങളുടെ കാലശേഷം അവകാശികൾക്ക് സാമ്പത്തിക സഹായം, അംഗങ്ങൾക്ക് രോഗം, അപകടം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവക്ക് ചികിത്സാ സഹായം തുടങ്ങിയവ ഉൾപ്പെട്ടതാണ് ആരോഗ്യ സുരക്ഷാ പദ്ധതി. തോമസ് പുത്തൻപുര അധ്യക്ഷത വഹിച്ചു. പി.എസ്. അബ്ദുൾ മജീദ്, ടോമി ജോസഫ്, റോയി ജോസ് പുളിക്കൽ, എൻ.ഡി. ജോസഫ്, ടി.ജെ. ജോൺ, സി.കെ. അബ്ദു പ്രസംഗിച്ചു. സി.ജെ. രാജു സ്വാഗതവും സുരേഷ് എം. നായർ നന്ദിയും പറഞ്ഞു.



*കരുവഞ്ചാൽ മർച്ചന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ ആരോഗ്യ സുരക്ഷ പദ്ധതി ജയിംസ് പുത്തൻപുര ഉദ്ഘാടനം ചെയ്യുന്നു.*

## മലയോര ഹൈവേ: പണി ആരംഭിച്ചില്ലെങ്കിൽ പ്രക്ഷോഭമെന്ന് നാട്ടുകാർ

ആലക്കോട്: പാതിവഴിയിൽ പ്രവൃത്തി നിലച്ച മലയോര ഹൈവേയുടെ പണി ഉടൻ ആരംഭിച്ചില്ലെങ്കിൽ അതിശക്തമായ ജനകീയ പ്രക്ഷോഭം ആരംഭിക്കുമെന്ന് തേർത്തല്ലിയിൽ ചേർന്ന ടാസ്കോ യോഗം മുന്നറിയിപ്പ് നൽകി. മാസങ്ങളായി ഹൈവേ പ്രവൃത്തി നിലച്ചു കിടക്കുന്നത് കാരണം ആലക്കോട്-തേർത്തല്ലി-ചെറുപുഴ മേഖലയിലെ ജനങ്ങൾ നരകയാതന അനുഭവിക്കുകയാണെന്ന് യോഗം ചൂണ്ടിക്കാട്ടി. സോണി മേട്ടേൽ അധ്യക്ഷത വഹിച്ചു. ജോസ് വട്ടമല, ബിനിൽ കൂട്ടുങ്കൽ, സനോജ് പാറക്കുന്നേൽ പ്രസംഗിച്ചു. വിനോദ് താഴത്തുപറമ്പിൽ സ്വാഗതം പറഞ്ഞു.




*തളിപ്പറമ്പ സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂൾ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടന്ന രക്തദാന ക്യാമ്പ് ഡോ.പ്രീത ഉദ്ഘാടനം ചെയ്യുന്നു*

## രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

തളിപ്പറമ്പ: സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂൾ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയുടെ സാങ്കേതിക സഹായത്തോടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. തളിപ്പറമ്പ് താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.പ്രീത ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് ഇഖ്ബാൽ കോയിപ്ര അധ്യക്ഷത വഹിച്ചു. പി.എസ്.അൻവർ സ്വാഗതവും സാന്ദ്രാഗണേഷ് നന്ദിയും പറഞ്ഞു. ഡോ.ഷഹീദ ക്ലാസെടുത്തു. സ്കൂൾ ഹെഡ്മാസ്റ്റർ എ.അഷ്റഫ്, മുഹമ്മദ് കട്ടിൽ, കെ.വി.ബഷീർ, അബ്ദുൽറഹീം, ഷഫീഖ്, ഫാത്തിമ, കരീം സംസാരിച്ചു.

## പച്ചമലയാളം കോഴ്സ്

തളിപ്പറമ്പ: പാലകുളങ്ങര തുടർ വിദ്യാകേന്ദ്രത്തിൽ പച്ചമലയാളം കോഴ്സ് രജിസ്ട്രേഷൻ നടക്കുന്നു. കേന്ദ്രീയ വിദ്യാലയങ്ങളിലും മറ്റും പഠിച്ച മലയാളം അറിയാത്ത 17 വയസ് കഴിഞ്ഞവർക്ക് ഈ കോഴ്സിലേക്ക് ചേരാം. ഫോൺ: 9961340377, 9497037710

## തപാൽ ജീവനക്കാർ ഉപവസിച്ചു

കണ്ണൂർ: ഗ്രാമീണ തപാൽ ജീവനക്കാരുടെ സേവന വേതന പരിഷ്കരണം ശുപാർശ ചെയ്യുന്ന കമലേഷ്ചന്ദ്ര കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാതെ നീട്ടിക്കൊണ്ടുപോകുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരേ എഫ്.എൻ.പി.ഒ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തപാൽ ജീവനക്കാർ കണ്ണൂർ പോസ്റ്റോഫീസ് ആസ്ഥാനത്തിന് മുമ്പിൽ ഉപവസിച്ചു. ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡണ്ട് വി.വി.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. എഫ്.എൻ.പി.ഒ സംസ്ഥാന വൈസ് പ്രസിഡണ്ട് കരിപ്പാൽ സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. തുടർന്ന് ദേശീയ കമ്പി തപാൽ ട്രൈഡ് യൂണിയൻ സ്ഥാപക നേതാവ് കെ.രാമമൂർത്തിയുടെ 22-ാം ചരമവാർഷിക അനുസ്മരണ സമ്മേളനവും നടത്തി. ശശീന്ദ്രൻ പുത്തൻപുരയിൽ അനുസ്മരണ പ്രഭാഷണം നടത്തി. കെ.വി.സുധീർകുമാർ, വി.കെ. രതീഷ്കുമാർ, ഇ.മനോജ്കുമാർ, എം.വി.പവിത്രൻ, ദിനുമൊട്ടമ്മൽ, കെ.കെ.സുകു പ്രസംഗിച്ചു.

## സൗജന്യ നേത്ര പരിശോധനയും മരുന്ന് വിതരണവും നാളെ

എരുവാട്ടി: പരിയാരം ഗവ. ആയുർവേദ കോളേജിന്റെ സഹകരണത്തോടെ എരുവാട്ടി ജനത വായനശാല ആന്റ് ഗ്രന്ഥാലയം സംഘടിപ്പിക്കുന്ന സൗജന്യ നേത്ര പരിശോധന ക്യാമ്പും മരുന്ന് വിതരണവും ബോധവൽക്കരണ ക്ലാസും നാളെ രാവിലെ 9.30ന് എരുവാട്ടി ജനത വായനശാലയിൽ നടക്കും. പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ. മാത്യു ഉദ്ഘാടനം ചെയ്യും. വിദഗ്ധ ഡോക്ടർമാർ രോഗികളെ പരിശോധിക്കും.

## അനുസ്മരണ സമ്മേളനം

തളിപ്പറമ്പ: മുസ്ലിംലീഗ് തളിപ്പറമ്പ മുനിസിപ്പൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹബീബ്റഹ്മാൻ, എം.എ.സത്താർ, കൊങ്ങായി മുസ്തഫ, കെ.വി. എം.കുഞ്ഞി അനുസ്മരണം നടത്തും. കമ്മിറ്റി യോഗത്തിൽ പ്രസിഡണ്ട് കൊടിയിൽ സലീം അധ്യക്ഷനായി. ജനറൽ സെക്രട്ടറി പി.പി.മുഹമ്മദ്നിസാർ, സി.പി.അബ്ദുൽഖാദർ ഹാജി, പി.എം.അബ്ദുൽഅസീസ് ഹാജി, കെ.മുഹമ്മദ് ബഷീർ, പറമ്പിൽ അബ്ദുറഹ്മാൻ, പി.പി.ഇസ്മയിൽ പങ്കെടുത്തു.

## ചെഗുവേര അനുസ്മരണം

തളിപ്പറമ്പ: ചെഗുവേര രക്തസാക്ഷിത്വത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് ഡി.വൈ.എഫ്.ഐ തളിപ്പറമ്പ ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ കീഴാറ്റൂരിൽ സാമ്രാജ്യത്വ വിരുദ്ധ സംഗമവും ചെഗുവേര അനുസ്മരണ പ്രഭാഷണവും നടത്തി. എം.അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ബി.പ്രഷോഭ് അധ്യക്ഷനായി. എ.രാജേഷ്, കെ.വി. രാജേഷ്, പി.കെ.പ്രമോദ് സംസാരിച്ചു. പി.രാജീവൻ സ്വാഗതവും വി.പി.സന്തോഷ് നന്ദിയും പറഞ്ഞു.

## സ്കൂൾതല ക്വിസ് മത്സരം

തളിപ്പറമ്പ: സയ്യിദ് കോളേജ് ഗോൾഡൻ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഒന്നാംഘട്ട മത്സരങ്ങൾ അതത് സ്കൂളുകളിൽ വെച്ചും അവസാന ഘട്ട മത്സരം സർസയ്യിദ് കോളേജിൽ വെച്ചും നടത്തും. പങ്കെടുക്കാൻ താൽപ്പര്യമുള്ള സ്കൂൾ പ്രിൻസിപ്പൽമാർക്ക് 9496855441, 9744518208 ഫോണിൽ ബന്ധപ്പെടാം.

## കന്നുകാലി ലേലം നാളെ

തളിപ്പറമ്പ: തളിപ്പറമ്പ് നഗരസഭാപരിധിയിൽ അലഞ്ഞ് തിരിയുന്ന കന്നുകാലികളെ പിടിച്ചുകെട്ടിയതിൽ ഏഴ് ദിവസമായിട്ടും ഉടമസ്ഥർ ഹാജരായിട്ടില്ലാത്ത മൂന്ന് കന്നുകാലികളെ നാളെ രാവിലെ 11 മണിക്ക് കരിമ്പത്തുള്ള നഗരസഭയുടെ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 1000 രൂപ കെട്ടിവെക്കണം. ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നഗരസഭാ റവന്യൂ ഇൻസ്പെക്ടറുമായി ബന്ധപ്പെട്ടാൽ അറിയാം.


**സ്റ്റാഫിനെ ആവശ്യമുണ്ട്**

തളിപ്പറമ്പിലെ ദന്തൽ ക്ലിനിക്കിലേക്ക് ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്. ഉടൻ ബന്ധപ്പെടുക.

9847027433
8281338133